**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3841** **09-10-2025 - ൽ മറുപടിയ്ക്ക്**

**വാഹന അപകടങ്ങൾ ഒഴിവാക്കുന്നതിനായുള്ള ബോധവത്ക്കരണ പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വാഹന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം ബോധവത്ക്കരണ പരിപാടികളാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | റോഡ് സുരക്ഷ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി റോഡ് സുരക്ഷാവാരം, മീഡിയാ മാധ്യമങ്ങളിലൂടെ സന്ദേശങ്ങൾ നൽകൽ, എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ തുടങ്ങിയവ നടത്തി വരുന്നു.<br><br>സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നത് ലക്ഷ്യമിട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി FM റേഡിയോ ജിംഗിളുകൾ, റെയിൽവേ സ്റ്റേഷൻ ജിംഗിളുകൾ, MVD ലീഡ്സ് ആപ്പ് കെ.എസ്.ആർ.ടി.സി ബസ് അഡ്വർടൈസ്മെന്റ് & കാർഡ് അഡ്വർടൈസ്മെൻറ്, വിവിധ പ്രാദേശിക മാധ്യമങ്ങൾ വഴി പരസ്യം വിവിധ ഇവന്റുകൾ, മറ്റ് നിലവിലുള്ള വേദികൾ എന്നിവ വഴി ബോധവൽക്കരണം, MVD, പോലീസ്, NATPAC മുതലായവർ വഴി ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിനായി റോഡ് സുരക്ഷ ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നു. IDTR, എടപ്പാൾ കെ.എസ്.ആർ.ടി.സി ഡ്രൈവിങ് സ്കൂൾ തുടങ്ങിയവ വഴി ശരിയായ ഡ്രൈവിംഗ് ക്ലാസ് പരിശീലനവും ലഭ്യമാക്കുന്നുണ്ട്.<br><br>കുട്ടികൾക്ക് റോഡ് സുരക്ഷാ അവബോധം വളർത്തുക എന്ന ലക്ഷ്യം മുൻനിർത്തി കേരള റോഡ് സുരക്ഷാ അതോറിറ്റി സംസ്ഥാനത്തെ അപ്പർ പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള തിരഞ്ഞെടുക്കപ്പെട്ട 100 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഓരോ സ്കൂളിനും 50,000/- രൂപ (അൻപതിനായിരം രൂപ വീതം) അനുവദിച്ച് നല്കിയിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | അദ്ധ്യാപകർക്കുള്ള കൈപ്പുസ്തകങ്ങളും വിതരണം ചെയ്തിട്ടുണ്ട്.<br><br>സ്കൂൾ കാമ്പസിനകത്തും പുറത്തും സ്കൂൾ കുട്ടികൾ നേരിടുന്ന റോഡ് സുരക്ഷാ വെല്ലുവിളികൾ തിരിച്ചറിയുന്നതിനും, കുട്ടികൾക്ക് സുരക്ഷാ അവബോധം വളർത്തുന്നതിനും, സ്കൂൾ കുട്ടികളിൽ അപകട സാധ്യതയും അതിന്റെ തീവ്രതയും കുറയ്ക്കുന്നതിനുള്ള പരിഹാര നടപടികൾ നടപ്പിലാക്കുന്നതിനും നാറ്റ്പാക്കുമായി ചേർന്ന് സേഫ് റോഡ് ടു സ്കൂൾ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ഡ്രൈവർമാർ കണ്ടക്ടർമാർ എന്നിവർക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകി വരുന്നു. |
| (ബി) | അലക്ഷ്യമായി വാഹനമോടിക്കുന്നവർക്കും അപകടം വരുത്തിവെക്കുന്നവർക്കുമെതിരെ എന്തെല്ലാം കർശന നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | അലക്ഷ്യമായി വാഹനമോടിക്കുന്നവർക്കും അപകടം വരുത്തി വയ്ക്കുന്നവർക്കുമെതിരെ കുറ്റകൃത്യത്തിന്റെ ഗൗരവം അനുസരിച്ച് ലൈസൻസ് സസ്പെൻഷൻ, പിഴ ഈടാക്കൽ ഉൾപ്പെടെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. അലക്ഷ്യമായി മത്സര ഓട്ടം നടത്തുന്ന ബസ്സുകൾ കണ്ടെത്തുന്നതിന് സംസ്ഥാന വ്യാപകമായി ഡ്രൈവുകൾ നടത്തുകയും, ഇപ്രകാരം മത്സര ഓട്ടം നടത്തിയ 310 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അലക്ഷ്യമായി വാഹനം ഓടിച്ചതുമായി ബന്ധപ്പെട്ട് നിയമം അനുശാസിക്കുന്ന വിധമുള്ള പിഴ തുക അടക്കുന്നതിനായി ചലാനുകളും കൃത്യമായി നല്കിവരുന്നു. |

സെക്ഷൻ ഓഫീസർ